പതിനാലാം കേരളനിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*154 — 01-02-2018-ൽ മറുപടിക്ക്

# ടെക്നോസിറ്റി

**ചോദ്യം**

ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, ഷാഫി പറമ്പിൽ

,, എം. വിൻസെന്റ്

,, എൽദോസ് പി. കുന്നപ്പിള്ളിൽ

**മറുപടി**

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | ടെക്നോപാർക്കിന്റെ നാലാം ഘട്ടമായ ടെക്നോ സിറ്റിയുടെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ്; | എ) | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. Infosys, TCS, Suntec, IIITMK, KASE എന്നിങ്ങനെ 5 സ്ഥാപനങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ട്. 2 ലക്ഷം ച. അടിയിൽ ടെക്നോപാർക്ക് നിർമ്മിക്കുന്ന ഐ.ടി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. നോളജ്സിറ്റി പദ്ധതിക്കു വേണ്ടി ടെക്നോസിറ്റിയിൽ 100 ഏക്കർ ഭൂമി മാറ്റിവച്ചിട്ടുണ്ട്. |
| (ബി) | ടെക്നോസിറ്റിയുടെ വികസനം എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | (ബി) | ടെക്നോ സിറ്റിയിൽ, ടെക്നോപാർക്കിന്റെ 2 ലക്ഷം ച.അടി വിസ്തീർണ്ണം ഉള്ള ആദ്യത്തെ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം 2019 ഏപ്രിൽ മാസത്തോ |

| | | | |
|---|---|---|---|
| | | | ട്ടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. 424 ഏക്കറിൽ ലക്ഷ്യമിടുന്ന ബൃഹത് പദ്ധതിയായ ടെക്നോസിറ്റി പൂർത്തിയാകുന്നതിന് കുറഞ്ഞത് 10 വർഷമെങ്കിലും വേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി) | ഇതിലൂടെ എത്രപേർക്ക് പുതുതായി തൊഴിൽ ലഭിക്കും; | സി) | ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ പൂർത്തിയാകുമ്പോൾ ഏകദേശം ഒരു ലക്ഷം പേർക്ക് പുതുതായി നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. |
| ഡി) | ടെക്നോ സിറ്റിയിൽ പുതിയ ക്യാമ്പസ് തുടങ്ങുവാൻ ഏതൊക്കെ കമ്പനികളാണ് താല്പര്യം പ്രകടിപ്പിച്ചിട്ടുള്ളത്; | ഡി) | TCS, IIITMK, CASE, Suntec, Infosys എന്നീ കമ്പനികളാണ് താൽപര്യം പ്രകടിപ്പിച്ചിട്ടുള്ളത്. |
| ഇ) | ടെക്നോ സിറ്റിയിൽ നോളജ് സിറ്റി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | ഇ) | ഉണ്ട്. ഇതിനായി 100 ഏക്കർ ഭൂമി നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്. നൂതന സാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ഒരു |

| | | | |
|---|---|---|---|
| | | | സെന്റർ ഓഫ് എക്സലൻസ് ആയാണ് നോളജ് സിറ്റി വിഭാവന ചെയ്യുന്നത്. ഭാവിയിലെ വികസന സാങ്കേതിക വിദ്യകളായി കണക്കാക്കുന്ന ബ്ലോക്ക്ചെയിൻ, സൈബർ സെക്യൂരിറ്റി, കൊഗ്നെറ്റീവ് അനലിറ്റിക്സ്, ഇ-മൊബിലിറ്റി, സ്പെയിസ് സയൻസ് തുടങ്ങിയ മേഖലകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമഗ്ര സംരംഭമാണ് നോളജ് സിറ്റി. |

സെക്ഷൻ ഓഫീസർ